പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 554

04.02.2020 ൽ മറുപടിക്ക്

## വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി) |
| | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതികളുടെ വിശദാംശം നൽകുമോ? | | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**വ്യവസായ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ**<br>വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള സംരംഭക സഹായ പദ്ധതി, ആശാ സ്കീം, നാനോ ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം, പി.എം.ഇ.ജി.പി പദ്ധതി തുടങ്ങിയ പദ്ധതികൾ തിരുവനന്തപുരം ജില്ലയിലും നടപ്പിലാക്കി വരുന്നു.<br><br>**KSIDC മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ**<br>ലൈഫ് സയൻസ് പാർക്ക് - ജൈവശാസ്ത്ര അധിഷ്ഠിതമായ വ്യവസായങ്ങൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തോന്നക്കലിൽ അത്യാധുനിക സംവിധാനങ്ങളോടു കൂടി ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 75 ഏക്കർ സ്ഥലം തിരഞ്ഞെടുക്കുകയും അതിൽ 69.75 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>**KINFRA മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ**<br>വർക്കല താലൂക്കിലെ അയിരൂർ വില്ലേജിൽ 30.93 ഏക്കർ ഭൂമി ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ രണ്ടാം ഘട്ട വികസനത്തിനായി ഏറ്റെടുത്തു. |

| | | |
|---|---|---|
| | | **DHT മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ**<br>1. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി<br>2. സർക്കാർ ഓഹരി പങ്കാളിത്തം വഴി വിവിധ പവർ ലൂം സൊസൈറ്റികൾക്ക് ധനസഹായം<br>3. ജി.എസ്.പി (കൈത്തറി)<br>4. നെയ്ത്ത് ഉപകരണങ്ങൾ<br>5. സി.റ്റി.എഫ്<br>6. ഇൻകം സപ്പോർട്ട്<br>7. ഹാങ്ക് യാൺ സബ്സിഡി പദ്ധതി<br>8. ഡൈസ് ആന്റ് കെമിക്കൽ സബ്സിഡി പദ്ധതി<br>9. MML to Yarn Bank പദ്ധതി<br>10. ലൂം എ ഹൗസ് പദ്ധതി<br>11. യുവ വീവ് പദ്ധതി<br>12. പ്രൊഡക്ഷൻ ഇംപ്രൂവ്മെന്റ് സ്കീം<br>13. വർക്ക് ഷെഡുകളുടെ നവീകരണം<br>14. ഡൈ ഹൗസുകളുടെ നവീകരണം<br>15. എക്സിബിഷൻ ഗ്രാന്റ്<br>16. കോളേജുകളിൽ സെമിനാറുകളും എക്സിബിഷനുകളും സംഘടിപ്പിക്കൽ<br>17. കലാപരമായ കൈത്തറി പദ്ധതി<br>18. വസ്ത്രങ്ങളിൽ ഓർഗാനിക് കോട്ടൺ ഡയിംഗ് പദ്ധതി<br>19. വീവേഴ്സ് ഫെസ്റ്റ്<br><br>**KKVIB മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ**<br>1. എന്റെ ഗ്രാമം പദ്ധതി പ്രകാരം 90 യൂണിറ്റുകൾക്കായി 78.37 ലക്ഷം രൂപ മാർജിൻ മണി (സബ്സിഡി) അനുവദിച്ചു<br>2. ജില്ലാ പഞ്ചായത്തിന്റെ ധന സഹായത്തോടെ ആകെ 52.53 ലക്ഷം രൂപയുടെ പദ്ധതികൾ ഖാദി വ്യവസായ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>3. കെ.ജി.എസ്.തമ്പാനൂർ - തമ്പാനൂർ ബസ് ടെർമിനലിൽ ഒരു പുതിയ വില്പനശാല ആരംഭിച്ചു.<br>4. പി.എം.ഇ.ജി.പി വായ്പാ പദ്ധതി പ്രകാരം 2016-17 മുതൽ നാളിതുവരെ 63 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. |

| | | |
|---|---|---|
| | | 5. ബാലരാമപുരത്ത് സിൽക്ക് വീവിംഗ് സെന്റർ ആരംഭിച്ചു.<br>6. ബെഡ്ഷീറ്റ് ഉല്പാദനം ആരംഭിച്ചു.<br><br>**<u>RIAB മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ</u>**<br><br>1. കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് മുഖേന കേരള നീംജി എന്ന പേരിൽ ഇലക്ട്രിക് ഓട്ടോറിക്ഷയുടെ വ്യവസായിക ഉല്പാദനം ആരംഭിച്ചു.<br><br>2. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ കോപ്പറാസ് റിക്കവറി പ്ലാന്റിന്റെയും സൾഫ്യൂറിക് ആസിഡ് പ്ലാന്റിന്റെയും 24 കോടി രൂപയുടെ നവീകരണ പദ്ധതി, റോഡ് മാർക്കിംഗ് പെയിൻറ്, ഡൈജസ്റ്റർ വേസ്റ്റിൽ നിന്നും ബ്രിക്സ് ഉണ്ടാക്കുന്നപദ്ധതി, മലബാർ സിമെൻസിന് ജിപ്സം നൽകുന്ന പദ്ധതി തുടങ്ങിയവ പുരോഗമിച്ചു വരുന്നു.<br><br>3. ഹാന്റക്സിന്റെ തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന ഗാർമെൻറ് യൂണിറ്റിൽ 3 കോടി രൂപ ചെലവു വരുന്ന നവീകരണ പദ്ധതി നടപ്പിലാക്കി.<br><br>4. കേരളത്തിലെ കോടതികളിലും, ജയിലുകളിലുമായി 470 സ്ഥലങ്ങളിൽ വീഡിയൊ കോൺഫറൻസിംഗ് സംവിധാനം, മോട്ടോർ വാഹന വകുപ്പിനുവേണ്ടി ആധുനിക രീതിയിലുള്ള വെഹിക്കിൾ ടെസ്റ്റ് സ്റ്റേഷനുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി, ലാപ് ടോപ് കമ്പ്യൂട്ടറുകളുടെയും, സർവറുകളുടേയും നിർമ്മാണത്തിനായി കെൽട്രോണിന്റെ കൂടി പങ്കാളിത്തത്തോടെ കൊക്കോണിക്സ് എന്ന പേരിൽ ഒരു കമ്പനി, വാഹനങ്ങളിലും, ഉപഗ്രഹങ്ങളിലും ഉപയോഗിക്കുന്ന വിവിധ ഏവിയോണിക്സ് പാക്കേജുകളുടെ ഫാബ്രിക്കേഷനിൽ നൂതന സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്ന പദ്ധതി തുടങ്ങിയവ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| | | 5. ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിൽ യാൺ ബാങ്ക്, വിദേശ രാജ്യങ്ങളിലേയ്ക്ക് നൂൽ കയറ്റുമതി ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br>6. കെൽപാമിൽ പെറ്റ് ബൊട്ടിൽ റീഫില്ലിംഗ് പ്ലാൻറ് പ്രവർത്തനമാരംഭിച്ചു.<br>7. ഹാൻഡി ക്രാഫ്റ്റ്സ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് കരകാരശല വസ്തുക്കളുടെ വിപണനത്തിനായി ഒരു വെബ് പോർട്ടൽ (www.keralahandicrafts.in) പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br>8. കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് ആർട്ടിസാൻസ് ലേബർ ഡാറ്റബാങ്ക് രജിസ്ട്രേഷൻ ആരംഭിച്ചു. |

**സെക്ഷൻ ഓഫീസർ**